**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1714 — 21.01.2014 ൽ മറുപടിക്ക്

**കൊട്ടിയത്തെ എൽ.എം.റ്റി സി.-യിൽ ട്രെയിനിംഗ് ആരംഭിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷിക്കാരുടെ പരിശീലനത്തിനും, അനുബന്ധതാമസത്തിലേക്കുമായി കൊട്ടിയത്തു നിർമ്മിച്ച എൽ.എം.റ്റി.സി. കെട്ടിടത്തിന് എത്ര തുക വിനിയോഗിച്ചുവെന്നും, ഈ കെട്ടിടത്തിൽ ട്രെയിനിംഗ് പ്രവർത്തനം എന്ന് ആരംഭിച്ചു വെന്നും അറിയിക്കുമോ; | എ) കൊട്ടിയത്ത് 5 ലക്ഷം രൂപ ചെലവഴിച്ച് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ ഹാൾ പണികഴിപ്പിക്കുകയും 30.01.2007 ൽ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. 80 ലക്ഷം രൂപ ചെലവഴിച്ച് ഹോസ്റ്റൽ പണികഴിപ്പിച്ചിട്ടുണ്ടെങ്കിലും പരിശീലനാർത്ഥികളെ താമസിപ്പിച്ച് തുടങ്ങിയിട്ടില്ല. |
| ബി) എൽ.എം.റ്റി.സി.-യിൽ ട്രെയിനിംഗ് നടത്തുന്നതിലേക്ക് ആവശ്യമായ ജീവനക്കാർ നാളിതുവരെയില്ലാ യെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) അടിസ്ഥാനസൗകര്യങ്ങൾ എല്ലാം ഉണ്ടായിട്ടും ജീവനക്കാരുടെ കുറവ് നിമിത്തം പ്രവർത്തനം തുടരാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കു വാൻ നടപടി സ്വീകരിക്കുമോ? | സി കൊട്ടിയം എൽ.എം.റ്റി.സി.- യിലേയ്ക്ക് കടപ്പനക്കുന്ന് എൽ.എം.റ്റി.സി.-യിൽ നിന്ന് ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും, പുനലൂർ ആർ.പി. വിജിലൻസ് യൂണിറ്റിൽ നിന്നും ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയും പുനർവിന്യസി ക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ അടുത്ത സാമ്പത്തികവർഷം പരിഗണി ക്കുന്നതിനായി മാറ്റി വച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ